**മാൻഹട്ടന് യുഎസ് അറ്റോർണി ഡിസംബര് പതിനെട്ടിന് പുറത്തിറക്കിയ പ്രസ്താവനയെ കുറിച്ചുള്ള ഒരു ചോദ്യത്തിന് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**

ഡിസംബർ 19, 2013

മാൻഹട്ടന് യുഎസ് അറ്റോർണി ഇന്ന് പുറത്തിറക്കിയ പ്രസ്താവനയെ കുറിച്ചുള്ള ഒരു ചോദ്യത്തിന് ഔദ്യോഗിക വക്താവ് ഇങ്ങനെ പറഞ്ഞു :

"മാൻഹട്ടന് യുഎസ് അറ്റോർണി ഡിസംബർ പതിനെട്ടിന് ഇറക്കിയ പ്രസ്താവന ഞങ്ങൾ കണ്ടു .

നമ്മൾ അറിയേണ്ട ഒരു ഘടകമേ ഉള്ളൂ അത് ഈ പ്രശ്നത്തിലെ ഇര ഒരാളെ ഉള്ളൂ .അത് ദേവയാനി ഘോബ്ര ഗഡ ആണ് - യുണൈറ്റഡ് സ്റ്റേറ്റ്സില് ദൌത്യത്തില് ഏർപ്പെട്ടിരുന്ന ഇന്ത്യയുടെ നയതന്ത്രജ്ഞ.

ദേവയാനിക്കെതിരെ ചെയ്ത പ്രവർത്തനങ്ങള് ഒന്നും വിയന്ന കൺവെൻഷന്റെ നിബന്ധനകൾക്കു ചേരുന്നതല്ല . ഇംഗ്ലീഷ് ഭാഷയില് ആ വാക്കിനുള്ള സാമാന്യ നിർവചനം അനുസരിച്ചു പോലുമുള്ള ഒരു നയതന്ത്രജ്ഞ്ജയ്ക്ക് നല്കേണ്ട യാതൊരു പരിഗണനയും പാലിക്കാതെ ആയിരുന്നു അവരോടുള്ള സമീപനം .

നിയമത്തിന്നു മുന്നിൽ പണക്കാരനും പാവപ്പെട്ടവനും ഉള്ള സമത്വം ഉൾപ്പെടുന്ന പരാമർശം ആണ് പ്രസ്താവനയില് . "കൃത്യമില്ലായ്മകള് " പരിഹരിക്കുന്നതിൽ ഒട്ടും യോജിച്ചതല്ല അലങ്കാരബഹുലമായ ഈ പരാമർശം അതേ പോലെ , മാൻഹട്ടന് യു എസ് അറ്റോർണി ഓഫീസിന് മാത്രം

പ്രത്യേകമായ നിയമത്തിന്റെ ലക്ഷണവുമല്ല.

.

ഇന്ത്യയിൽ നിയമ നടപടികള് നടന്നുകൊണ്ടിരിക്കുന്നു എന്നു പ്രസ്താവന തെളിയിക്കുന്നുണ്ട്. എങ്കിലും ഇത് ഊഹാപോഹങ്ങൾ ക്ഷണിക്കുകയാണു. എന്തിനാണ് ശ്രീമതി റിച്ചാർഡ്സിന്റെ കുടുംബത്തെ ഒഴിപ്പിക്കുകയും അവർക്കെതിരെ വിശ്വസനീയമാംവണ്ണം നടപടികൾ കൈക്കൊണ്ടതും ഇത്ര അത്യാവശ്യമായി എന്തിനായിരുന്നു . മറ്റൊരു രാജ്യത്തെ പൌരന്മാരുടെ കാര്യമാകുമ്പോള് ഇന്ത്യയുടെ യുടെ നീതിന്യായവ്യവസ്ഥ, ഇന്ത്യൻ നിയമ വ്യവസ്ഥ നടപ്പാക്കുന്ന അധികാരികൾ , ഒരു വിദേശ ഗവൺമെന്റ് നിയമ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം എന്നിവയെ കുറിച്ച് ധാർഷ്ട്യത്തോടെ അഭിപ്രായപ്പെടുമ്പോൾ ഒക്കെ വളരെ കരുതലോടെ കൈകാര്യം ചെയ്യേണ്ടതാണ് . ഇന്ത്യയുടെ നിയമ സംവിധാനത്തിൽ ഒരു കേസ് നിലനിൽക്കേ . ഇന്ത്യയിലെ ആ പൌരന്മാരെ ഒഴിവാക്കുവാൻ എന്തു അവകാശമാണു ഒരു വിദേശ ഗവൺമെന്റിന് എന്നത് ചോദിക്കേണ്ട ചോദ്യമാണ് .

.

"കേസുകൾ വൈകുമ്പോള് ഇരകള് , സാക്ഷികൾ അവരുടെ കുടുംബങ്ങൾ എന്നിവർ സുരക്ഷിതമാണെന്ന് ഉറപ്പ് വരുത്തണമെന്ന് "മാൻഹട്ടന് യു എസ് അറ്റോർണി ഓഫീസിനു തോന്നിയ നിർബ്ബന്ധം ഈ പ്രസ്താവനയില് കാണാം" .

ഇത് വളരെ കൃത്യമായി എന്തു കൊണ്ടെന്നാൽ , ഒരു നിയമ പ്രക്രിയ ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുമ്പോള് , നീതി അതിന്റെ പുരോഗതി നേടുന്നത് അനുവദിക്കുക എന്നത് ഒരു കടമ എന്ന നിലയിൽ മാൻഹട്ടന് യു എസ് അറ്റോർണി ആദ്യമായി തന്നെ പരിഗണിക്കേണ്ടതായിരുന്നു . മറ്റൊരു സൌഹൃദ ജനാധിപത്യ രാജ്യത്തു നടക്കുന്ന നിയമ

പ്രക്രിയയിൽ ഇങ്ങിനെ ഇടപെടുന്നത് വെറുതെ ഉള്ള ഇടപെടലുകൾ മാത്രമായിട്ടല്ല ആ രാജ്യത്തെ നിയമ വ്യവസ്ഥയെ ചോദ്യം ചെയ്യുന്ന ഗൌരവമായ ഒന്നാണ് .

ഒരിയ്ക്കലും ഉണ്ടാകാത്ത ഒരു പ്രവർത്തിയെ ഉണ്ടെന്ന് വരുത്തി തീർക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ പ്രസ്താവന എന്നു ഞങ്ങൾ കരുതുന്നു